**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :**5443** — **01.07.2014** ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായ മേഖല വഴി എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്; | (എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലവഴി ഏകദേശം 50433 പേർക്കും ഖാദിഗ്രാമവ്യവസായമേഖല വഴി ഏകദേശം 174711 പേർക്കും പരമ്പരാഗത കരകൗശല മേഖല വഴി ഏകദേശം മൂന്ന ലക്ഷം പേർക്കും പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ കേരളകശുവണ്ടി വികസന കോർപറേഷൻ, സഹകരണസ്ഥാപനമായ കാപെക്സ് എന്നിവ വഴി ഏകദേശം 18723 തൊഴിലാളികൾക്കും പരമ്പരാഗത കയർവ്യവസായവുമായി ബന്ധപ്പെട്ട് സഹകരണമേഖല മുഖേന ഏകദേശം 32500 പേർക്കും തൊഴിൽ ലഭിക്കുന്നതായി കണക്കാക്കുന്നു. |
| (ബി) തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറിവ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ , റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സർപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിവരുന്നു. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് |

വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂല്പം മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ കൂടുതൽ ലഭ്യതയ്ക്ക് വേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു. ഇതുമൂലം തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ഭാഗീകമായ യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിങ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡു വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച

ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മിഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കരകൌശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൌശലമേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൌശല ഉൽപ്പന്നങ്ങൾ കേരള കരകൌശല വികസന കോർപറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു. കരകൌശല തൊഴിലാളികൾക്ക് കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായവും തൊഴിലാളി കൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പരമ്പരാഗതവ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

(സി) & (ഡി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28.01.2014 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നിരുന്നു. വിശദമായ ചർച്ചകൾക്കു ശേഷം ഓരോ വ്യവസായത്തിനും വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായ തലത്തിലുള്ള ചർച്ചകൾക്കു ശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം കൂടി അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു. പരമ്പരാ

ഗതവ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് ആറു മാസത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദിതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്നും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ടു സംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരും കൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും യോഗം തീരുമാനമെടുത്തിരുന്നു.

കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 27.02.2014, 02.03.2014, 30.05.2014 തീയതികളിൽ ബഹു.റവന്യൂ-കയർ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിരുന്നു. കയറിന്റെ സംഭരണവില പുതുക്കി നിശ്ചയിക്കാനും കയർപിരി മേഖലയിലെ കൂലി 260 രൂപയിൽ നിന്നും 300 രൂപയായി 01.03.2014 മുതൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചു.

Amadan

സെക്ഷൻ ഓഫീസർ